പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2017-ലെ ക്രിമിനൽ നടപടി നിയമസംഹിത (രണ്ടാം കേരള ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 20-02-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2017-ലെ ക്രിമിനൽ നടപടി നിയമസംഹിത (രണ്ടാം കേരള ഭേദഗതി) ബിൽ

237/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2017-ലെ ക്രിമിനൽ നടപടി നിയമസംഹിത (രണ്ടാം കേരള ഭേദഗതി) ബിൽ

1973–ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 1973–ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017–ലെ ക്രിമിനൽ നടപടി നിയമസംഹിത (രണ്ടാം കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 267എ എന്ന പുതിയ വകുപ്പ് ചേർക്കൽ.— 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974–ലെ 2–ാം കേന്ദ്ര ആക്റ്റ്) 267–ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"267 എ. കാരാഗൃഹങ്ങളിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ആളുകളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പാക്കുന്നതിനുള്ള അധികാരം.—ഈ നിയമസംഹിത പ്രകാരമുള്ള ക്രിമിനൽ കോടതികളുടെ അധികാരങ്ങൾക്ക് ഭംഗം വരാതെയും അതിനു പുറമെയും, കോടതിക്ക്, ഏതെങ്കിലും അന്വേഷണ വിചാരണക്കിടയിലോ, വിചാരണക്കിടയിലോ, മറ്റ് നടപടികൾക്കിടയിലോ, അത് സാഹചര്യങ്ങൾക്ക്

യുക്തമാണെങ്കിൽ, കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെട്ട ഒരാളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പുവരുത്തുന്നതിന് ഉത്തരവിടാവുന്നതാണ് .".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിങ് സംവിധാനം ആരംഭിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിവിധ ജയിൽ പരിഷ്കരണ കമ്മീഷനുകളും സമിതികളും മനുഷ്യാവകാശ കമ്മീഷനും സമാനമായ ശിപാർശകൾ നൽകുകയുണ്ടായി.

2. ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഒരു കുറ്റാരോപിതനെ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഹാജരാക്കുന്നതിന് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 167-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

3. വീഡിയോ കോൺഫറൻസിങ് സംവിധാനം നടപ്പിൽ വരുത്തുന്നതോടെ, തടവുകാരെയും വിചാരണ തടവുകാരെയും ജഡ്ജിയുടെ മുമ്പാകെ ഹാജരാക്കുകയും തിരികെ കാരാഗൃഹത്തിൽ എത്തിക്കുകയും ചെയ്യുന്ന നിലവിലുള്ള സംവിധാനം ഉപേക്ഷിക്കുവാൻ കഴിയുമെന്ന കാരണത്താൽ, ജുഡീഷ്യറിയുടെയും ജയിൽ അധികാരികളുടെയും സമയവും ഊർജ്ജവും പണവും മനുഷ്യശേഷിയും ഗണ്യമായി ലാഭിക്കുന്നതിനിടയാക്കുന്നതാണ്. തടവുകാരും വിചാരണ തടവുകാരും നേരിട്ട് ഹാജരാകുന്നത് ഒഴിവാക്കിയാൽ നിരോധിക്കപ്പെട്ട വസ്തുക്കളായ മയക്കുമരുന്നുകൾ, കറൻസി, ആയുധങ്ങൾ, ആശയവിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാകുന്നതും സാമൂഹ്യവിരുദ്ധ ഘടകങ്ങളുമായുള്ള അവരുടെ സാമീപ്യവും ഒഴിവാക്കാവുന്നതാണ്.

4. മേൽ സാഹചര്യങ്ങളിൽ, പ്രസ്തുത നിയമസംഹിതയുടെ 267-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന തടവുകാരുടെ ഹാജരാക്കൽ സാധ്യമാക്കുന്ന ആവശ്യത്തിലേക്കായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 267 എ എന്ന ഒരു പുതിയ വകുപ്പ് ചേർക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

5. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരളത്തിലെ കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിങ് സംവിധാനം സ്ഥാപിക്കുന്നതിനും നടപ്പിലാക്കുന്നതിലേക്കുമായി 2010-11 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 98.89 ലക്ഷം രൂപയും 4.12 ലക്ഷം രൂപയും 3.77 ലക്ഷം രൂപയും 112.75 ലക്ഷം രൂപയും 2.57 ലക്ഷം രൂപയും 2.14 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഈ സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 2013-14 കാലയളവിൽ പി.ഡബ്ല്യു.ഡി.-ൽ നിക്ഷേപിച്ച 11.25 കോടി രൂപയുടെ അഡ്വാൻസ് തുക, ബി.എസ്.എൻ.എൽ.-ന് നൽകിയ ഐ.എസ്.ഡി.എൻ. റെന്റൽ ചാർജ്ജ് മുതലായവ ഇതിൽ ഉൾപ്പെടുന്നു. 2016-17 കാലയളവിൽ ഐ.എസ്.ഡി.എൻ. റെന്റൽ ചാർജ്ജ് ഇനത്തിൽ 30-11-2016 വരെ 1.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പിണറായി വിജയൻ

(ശരിത്തർജ്ജമ)

## 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

267. <u>തടവുകാർ ഹാജരാകണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം</u>.—(1) ഈ നിയമസംഹിതയിൻകീഴിലുള്ള ഒരു അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ, മറ്റു നടപടിയ്ക്കോ ഇടയിൽ ഒരു ക്രിമിനൽ കോടതിക്ക്,—

(ക) കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ഒരാളെ ഒരു കുറ്റത്തിനുള്ള ചാർജ്ജിന് മറുപടി പറയാനോ, അയാൾക്കെതിരായുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനുവേണ്ടിയോ കോടതി മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നോ; അല്ലെങ്കിൽ;

(ഖ) അങ്ങനെയുള്ള ആളെ സാക്ഷിയായി വിസ്തരിക്കുന്നത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമാണെന്നോ, കോടതിക്ക് തോന്നുമ്പോഴെല്ലാം, അതതു സംഗതിപോലെ, ചാർജ്ജിന് മറുപടി പറയാനോ, അങ്ങനെയുള്ള നടപടിയുടെ ആവശ്യത്തിനുവേണ്ടിയോ തെളിവു നൽകുന്നതിനോ, അങ്ങനെയുള്ള ആളെ കോടതി മുമ്പാകെ ഹാജരാക്കുവാൻ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവ് ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേറ്റ് ചെയ്തിരിക്കുന്നിടത്ത്, അത് അങ്ങനെയുള്ള മജിസ്ട്രേറ്റ് ഏതു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ കീഴിലാണോ ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, അതിൽ മേലൊപ്പ് ഇടാത്തപക്ഷം, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയോ അയാൾ അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ മേലൊപ്പിടുന്നതിന് സമർപ്പിക്കപ്പെടുന്ന ഏതൊരു ഉത്തരവിന്റേയുമോ, മജിസ്ട്രേറ്റിന്റെ അഭിപ്രായത്തിൽ ആ ഉത്തരവ് ആവശ്യമാക്കുന്ന വസ്തുതകളുടെ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കേണ്ടതും ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനാണോ അത് സമർപ്പിക്കപ്പെടുന്നത്, ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് അങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് പരിഗണിച്ചതിനുശേഷം ആ ഉത്തരവ് മേലൊപ്പിടാൻ വിസമ്മതിക്കാവുന്നതും ആണ്.

** ** ** **

---